മാധ്യമം

30 January 2018



കടലിൽ മത്സ്യകൃഷി ചെയ്യുന്നതിനുള്ള കൂടിൻെറ പ്രത്യേകതകൾ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വിശദീകരിക്കുന്നു

# മത്സ്യകൃഷി വിപ്ലവത്തിന് വഴിയൊരുക്കി സി.എം.എഫ്.ആർ.ഐ

കൊച്ചി: മത്സ്യകൃഷി വിപ്ലവത്തിന് പുതിയ പദ്ധതിയുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). കടലിൽനിന്ന് മത്സ്യലഭ്യത കുറയുന്ന സാഹചര്യത്തിൽ സമുദ്ര കൂടുകൃഷിയിലൂടെ ഉൽപാദനം വർധിപ്പിക്കാൻ അവസരമൊരുക്കുന്നതാണ് പദ്ധതി.

കൂടുമത്സ്യകൃഷി സാങ്കേതിക വിദ്യ മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്താൻ ആദ്യഘട്ട പരിശീലനം സി.എം.എഫ്.ആർ.ഐയിൽ ആരംഭിച്ചു. നീലവിപ്ലവം വേഗത്തിലാക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യത്ത് മൊത്തം 5000 മത്സ്യത്തൊഴിലാളികളെയാണ് പരിശീലിപ്പിക്കുന്നത്. കേന്ദ്ര സർക്കാർ ഏജൻസിയായ നാഷനൽ ഫിഷറീസ് ഡെവലപ്മെൻറ് ബോർഡ് ഒരു കോടിയോളം രൂപ ഇതിനായി നൽകുന്നുണ്ട്. കേരളത്തിൽ 1000 മത്സ്യത്തൊഴിലാളികൾക്കാണ് പരിശീലനം.

ആദ്യഘട്ട പരിശീലനം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്. മഹേഷ് ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐയുടെ സാങ്കേതിക പിന്തുണയോടെ സംസ്ഥാനത്തെ കടൽത്തീരങ്ങളിൽ കൂടുമത്സ്യകൃഷി വ്യാപിപ്പിക്കാൻ ഫിഷറീസ് വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മാരികൾചർ വിഭാഗം മേധാവി ഡോ. ഇമെൽഡ ജോസഫ്, പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ സംസാരിച്ചു. എറണാകുളം, തൃശൂർ ജില്ലകളിൽനിന്നുള്ള കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 50 മത്സ്യത്തൊഴിലാളികളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്.